പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3357 08-11-2019-ലെ മറുപടിയ്ക്ക്

**മാവേലിക്കര മണ്ഡലത്തിലെ കൃഷി വകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നിർദ്ദേശിച്ചതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | പാലമേൽ നൂറനാട് പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന കരിങ്ങാലിച്ചാൽ പുഞ്ചയിൽ 2017-18 വർഷം അംഗീകാരം ലഭിച്ച 1.75 കോടി രൂപയുടെ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പാലമേൽ പഞ്ചായത്ത് ഭഗവാൻ കുളവും, കല്ലുകുളവും പുനരുദ്ധരിക്കുക.<br>2. പാലമേൽ പഞ്ചായത്തിലെ വെട്ടച്ചേരിമുക്കിലെ 2 റാമ്പുകളുടെ റിപ്പയറും, പുനർനിർമ്മാണവും.<br>3. ചുരക്കാവിനാൽ പാടശേഖരത്തിലെ കനാൽ എന്റിലെ ഡൈവേർഷൻ സമ്പിന്റെ നിർമ്മാണം.<br>4. വിളയിൽകടവ് പാടശേഖരത്തിൽ 10 എച്ച്.പി പമ്പ്സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണവും ഇലക്ട്രിഫിക്കേഷനും.<br>5. കരിങ്ങാലിച്ചാൽ മെയിൻ ബണ്ട് പമ്പ് ഹൗസ് ഇലക്ട്രിഫിക്കേഷൻ, 2 വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് (30 എച്ച്.പി. വീതമുള്ളത്) സ്ഥാപിക്കൽ.<br>6. മുണ്ടയ്ക്കൽ പാടത്ത് പമ്പ് ഹൗസ് നിർമ്മാണവും ഇലക്ട്രിഫിക്കേഷനും.<br>7. പള്ളിമുക്കം-വാട്ടർ ഡൈവേർഷൻ സമ്പിലെ ഇറിഗേഷൻ വർക്കുകളും 10/20 എച്ച്.പി.ഡിസ്ചാർജ്ജ് പമ്പ് സ്ഥാപിക്കൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻസ്, കോൺക്രീറ്റ് ചാനൽ നിർമ്മാണം.<br>8. 2 എണ്ണം 30 എച്ച്.പി.വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് വലിയ തുരുത്തിൽ സ്ഥാപിക്കുക, പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ബണ്ടുകൾ ബലപ്പെടുത്തൽ തുടങ്ങിയവ. |

| | | | |
|---|---|---|---|
| | | | ചെന്നിത്തല പഞ്ചായത്തിലെ ബ്ലോക്ക് 7ൽ ബണ്ട് നിർമ്മാണത്തിനും തോട് താഴ്ത്തുന്നതിനുമായി ആർ.ഐ.ഡി.എഫ്-ൽ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇവയിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (ബി) & (സി) | പാലമേൽ പഞ്ചായത്ത് ഭഗവാൻ കുളവും, കല്ലുകുളവും പുനരുദ്ധാരണവും, പാലമേൽ പഞ്ചായത്തിലെ വെട്ടച്ചേരിമുക്കിലെ 2 റാമ്പുകളുടെ റിപ്പയറും, പുനർനിർമ്മാണവും, പള്ളിമുക്കം-വാട്ടർ ഡൈവേർഷൻ സമ്പിലെ ഇറിഗേഷൻ വർക്കുകളും 10/20 എച്ച്.പി.ഡിസ്ചാർജ്ജ് പമ്പ് സ്ഥാപിക്കൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻസ്, കോൺക്രീറ്റ് ചാനൽ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. മറ്റു പ്രവർത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (സി) | പൂർത്തീകരിക്കാനുള്ളവ ഏതെന്നും ഇവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കുമോ? | | |

Sreelatha

**സെക്ഷൻ ഓഫീസർ**